"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ മുതലപ്പൊഴി അഴിമുഖത്ത് നടന്ന വള്ളം അപകടം - രക്ഷാപ്രവർത്തനത്തിനായി ഉപയോഗിച്ച പ്രൈവറ്റ് ആംബുലൻസിന്റെ വാടക നൽകുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ദുരന്തനിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.329/2026/DMD തീയതി,തിരുവനന്തപുരം, 01-08-2026

---

പരാമർശം:- തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25/04/2025-ലെ DCTVM/11593/2024-H6 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ ശാർക്കര-ചിറയിൻകീഴ് വില്ലേജിൽ മുതലപ്പൊഴി അഴിമുഖത്ത് 02/09/2024-ന് വൈകുന്നേരം 4.30 നും 6.00 മണിയ്ക്കും ഇടയിൽ മറൈൻ എൻഫോഴ്സ്മെന്റിന്റെ രക്ഷാ വള്ളം ഉൾപ്പെടെ അഞ്ചോളം വള്ളങ്ങൾ അപകടത്തിൽപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്യുകയുണ്ടായി. ടി അപകടത്തിൽ പരിക്കേറ്റവരെ ഉടനടി ആശുപത്രിയിൽ എത്തിക്കുന്നതിനായി ഹാർബർ ഡിപ്പാർട്ട്മെന്റ് സ്ഥിരമായി ഏർപ്പെടുത്തിയിട്ടുള്ള ആംബുലൻസും പോലീസ് വാഹനങ്ങളും തികയാതെ വന്ന സാഹചര്യത്തിൽ, കോസ്റ്റൽ പോലീസ് പ്രൈവറ്റ് ആംബുലൻസ് സർവീസായ **'നക്ഷത്ര ആംബുലൻസിന്റെ'** സേവനം കൂടി ഉപയോഗപ്പെടുത്തുകയുണ്ടായി. പരിക്കേറ്റവരെ അടിയന്തരമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് എത്തിച്ച വകയിൽ ആകെ ചെലവായ **₹1,800/- (ആയിരത്തി എണ്ണൂറ് രൂപ മാത്രം)** അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. അപകടത്തിൽപ്പെട്ടവർക്ക് അടിയന്തര രക്ഷാപ്രവർത്തനവും വൈദ്യസഹായവും ലഭ്യമാക്കുന്നതിനായി വിനിയോഗിച്ച സ്വകാര്യ ആംബുലൻസ് വാടകയിനത്തിൽ ചെലവായ **₹1,800/- (ആയിരത്തി എണ്ണൂറ് രൂപ മാത്രം)** SDRF (State Disaster Response Fund) ഹെഡ് ഓഫ് അക്കൗണ്ടായ **"2245-80-800-80 — Other Miscellaneous Expenditure"** എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീനാറാണി ജി.എസ്സ്.
അഡിഷണൽ സെക്രട്ടറി

ജില്ലാ കളക്ടർ & ചെയർപേഴ്സൺ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തിരുവനന്തപുരം.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
തഹസിൽദാർ, ചിറയിൻകീഴ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ & ഇ), കേരള, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Digitally signed by
Manu S
Date: 01-08-2026
16:08:06

സെക്ഷൻ ഓഫീസർ